**പതിമൂന്നാം കേരള നിയമസഭ**

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2011-2014)

**ഒന്നാമത് റിപ്പോർട്ട്**

(2012 മാർച്ച് 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ
ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെട്ട റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
## (2011–2014)

ഒന്നാമത് റിപ്പോർട്ട്

**ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെട്ട റിപ്പോർട്ട്**

338/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
(2011-2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പാലോട് രവി

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. ആർ. രാജേഷ്

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്.
ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി.
ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 മാർച്ച് മാസം 20-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2012 മാർച്ച് 20.

പാലോട് രവി,
*അദ്ധ്യക്ഷൻ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

1. ഭാഷ എന്നത് ഓരോ സമൂഹത്തിനും വ്യക്തിക്കും ആശയവിനിമയം നടത്തുവാനുള്ള ഒരു മാദ്ധ്യമം എന്നതിലുപരി മഹത്തായ ഒരു സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും നാന്ദികുറിക്കുന്ന നാഴികക്കല്ലായി വർത്തിക്കുന്ന ഒന്നാണ്. ഏതൊരു ദേശസംസ്കൃതിയുടേയും നട്ടെല്ലാണ് ആ ദേശത്തിന്റെ മാതൃഭാഷ. മനുഷ്യന്റെ ഏറ്റവും മൗലികവും അടിസ്ഥാനപരവുമായ ആശയവിനിമയം, അത്യന്തം സങ്കീർണ്ണമായ മാനസികഭാവങ്ങളുടെ സംവേദനം എന്നീ ധർമ്മങ്ങൾ നിർവ്വഹിക്കുമ്പോഴും ഭാഷ ഒരു ജനതയ്ക്ക് പകർന്നു നൽകുന്നത് ആ നാടിന്റെ സംസ്കൃതിയും പാരമ്പര്യവും പൈതൃകവുമാണ്. ഇന്ത്യൻ ഭാഷകളിൽ ദ്രാവിഡ ഗോത്രത്തിലെ ഏറെ വികസിതമായ ഭാഷയായി ഇന്ന് മലയാളം അംഗീകരിക്കപ്പെട്ടിരിക്കുന്നു. എങ്കിലും നമ്മുടെ പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാതൃഭാഷ അവഗണന നേരിട്ടുകൊണ്ടിരിക്കുന്നു. ജീവിതരീതികളിൽ, ചിന്തകളിൽ, വീക്ഷണങ്ങളിൽ, വായനയിൽ ഒക്കെ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ഭരണരംഗത്ത് മാത്രമല്ല മറ്റ് രംഗങ്ങളിലും മാതൃഭാഷ അപായകരമാംവിധം പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു.

2. സ്വാതന്ത്ര്യലബ്ധിയോടെ ഭരണരംഗത്ത് പ്രാദേശിക ഭാഷകൾക്ക് ഭരണഭാഷാ പദവി നൽകേണ്ടതിന്റെ ആവശ്യകത മുന്നിൽ കണ്ടുകൊണ്ട് ഇന്ത്യൻ ഭരണഘടനയിൽ തന്നെ ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുകയുണ്ടായി. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ ഭാഗമായി 1956-ൽ കേരള സംസ്ഥാനം രൂപീകരിച്ചു. തുടർന്ന് മലയാളത്തെ സംസ്ഥാന ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി. എന്നാൽ സാമാന്യജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ ഭരണം എന്ന ആശയം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ട് എന്ന് ഒരു ആത്മപരിശോധന നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മറ്റ് രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ പിന്നോട്ടടിക്കുന്ന വിധത്തിലായിരിക്കുന്നു സംസ്ഥാനത്ത് മലയാള ഭാഷയുടെ വളർച്ച. വിദ്യാഭ്യാസരംഗത്ത് മാതൃഭാഷ നേരിടുന്ന അവഗണന ഭരണഭാഷാരംഗത്തും പ്രതിഫലിക്കുന്നുവെന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. ഈ ദുഃസ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് നിശ്ചയദാർഢ്യത്തോടുകൂടിയ ചലനാത്മകമായ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിൽ തന്നെ തുടക്കം കുറിയ്ക്കേണ്ടിയിരിക്കുന്നു.

3. കേരളത്തിന്റെ ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്ന് 1965 ഒക്ടോബർ 19-ാം തീയതി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനായി പ്രത്യേകം ഒരു വകുപ്പും രൂപീകരിക്കുകയുണ്ടായി. എന്നാൽ ഔദ്യോഗിക രംഗത്ത് ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കാൻ ഈ ഉദ്യമങ്ങൾക്ക് സാധിച്ചിട്ടില്ല. ഭരണഭാഷ മലയാളമാക്കുന്നതിന് വിഘാതമായി നിൽക്കുന്നത് നിയമങ്ങളുടേയും നിർദ്ദേശങ്ങളുടേയും അഭാവത്തിലുപരി മനോഭാവത്തിന്റെ പ്രശ്നമാണെന്നത് സുവ്യക്തമാണ്. ഭരണഭാഷാരംഗത്തെ ഈ ദുഃസ്ഥിതിക്ക് ഒരു മാറ്റം വരുത്തണം എന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് പതിമൂന്നാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷാ സമിതി മേലുദ്ധരിച്ച വിഷയങ്ങളിന്മേൽ ആഴത്തിലുള്ള ഒരു പഠനം ആവശ്യമാണെന്ന തീരുമാനത്തിൽ എത്തിച്ചേർന്നത്.

4. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014) 2011 ഒക്ടോബർ 20-ാം തീയതി രൂപീകൃതമായി. ഈ ചെറിയ കാലയളവിനുള്ളിൽ വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും മുൻ സമിതികളുടെ റിപ്പോർട്ടുകളിലെ ശുപാർശകളുടെ നിർവ്വഹണ പുരോഗതി പരിശോധിക്കുന്നതിനും വിവിധ വകുപ്പ് അദ്ധ്യക്ഷന്മാർ, ഉദ്യോഗസ്ഥഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി എന്നിവരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രായോഗിക തലത്തിലെ യഥാർത്ഥ സ്ഥിതി പരിശോധിക്കുന്നതിന് സമിതി പാലക്കാട് കളക്ടറേറ്റിൽ യോഗം ചേരുകയും വസ്തുതകൾ വിലയിരുത്തുകയും ചെയ്തു. ഭാഷാമാറ്റ പുരോഗതിയിലുള്ള ഇന്നത്തെ നിർജ്ജീവാവസ്ഥ തരണം ചെയ്യുന്നതിന് സഹായകരമായ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും നൂതന ആശയങ്ങൾ സ്വാംശീകരിക്കാനും സമിതി 29-12-2011-ൽ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ യോഗം ചേർന്ന് സാഹിത്യ, സംഗീത-നാടക, ലളിതകലാ അക്കാദമികളുടെ അദ്ധ്യക്ഷന്മാരുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗങ്ങളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

5. കേരള സംസ്ഥാനം രൂപീകൃതമായി അരനൂറ്റാണ്ട് കഴിഞ്ഞിട്ടും മലയാളം കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കപ്പെട്ട ശേഷവും ഭരണതലത്തിൽ ഏറിയ പങ്കും ഔദ്യോഗികഭാഷ ആംഗലേയമായി തുടരുന്നതിന്റെ പ്രധാനകാരണം അന്വേഷിച്ചു ചെല്ലുമ്പോൾ ഒരു ജനതതി എന്ന നിലയിൽ സ്വന്തം ഭാഷയോടും സംസ്കൃതിയോടും മമതയില്ലാത്ത ഒരു ജനവിഭാഗമായി നമ്മിൽ ഏറെ പേരും മാറിയിരിക്കുന്നു എന്ന അത്യന്തം ഖേദകരമായ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഭരണീയരെക്കാൾ ഭരണതലത്തിലുള്ളവരാണ് ഇതിന് കാരണക്കാർ എന്ന തിരിച്ചറിവിലേക്കാണ് ഇത് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നതും. അവശ്യം വേണ്ടവയൊഴിച്ചാൽ സർക്കാർ തലത്തിലുള്ള കത്തിടപാടുകൾ, വിജ്ഞാപനങ്ങൾ, പൊതുജനങ്ങൾ അറിയേണ്ട മറ്റു വിധത്തിലുള്ള ഉത്തരവുകൾ എന്നിവ മലയാളത്തിൽ മാത്രമേ നടത്താൻ പാടുള്ളു എന്ന ഒരു നിർബന്ധം മലയാളത്തിലേക്കുള്ള മാറ്റത്തിന് കൂടിയേ കഴിയൂ. ഇതിനായി സമഗ്രമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി ഉറച്ചു വിശ്വസിക്കുന്നു.

6. 2012 നവംബർ ഒന്നു മുതൽ ഒരു വർഷക്കാലം "ഭരണഭാഷ-മാതൃഭാഷ" എന്ന ഒരു സൂത്രവാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആചരിക്കുവാനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ തുടക്കം കുറിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. കേരളത്തിലെ എല്ലാ വകുപ്പുകളിലും ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുവേണ്ടി സമയബന്ധിതമായി ചെയ്യേണ്ട നടപടികൾ സംബന്ധിച്ച കർമ്മ പദ്ധതി സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുകയും അതിന്റെ പുരോഗതി വിലയിരുത്തി നടപടിക്രമങ്ങളിലേയും സംവിധാനങ്ങളിലേയും വീഴ്ചകൾ പരിഹരിച്ചുകൊണ്ട് ഔദ്യോഗിക തലത്തിൽ ഭരണഭാഷ മലയാളമാക്കുക എന്ന യത്നമാകണം ഉണ്ടാകേണ്ടത്.

8. ചീഫ് സെക്രട്ടറി തലത്തിലും മന്ത്രിസഭാ തലത്തിലും ഈ ദൗത്യം ഫലപ്രദമാക്കുന്നതിനുള്ള ക്രിയാത്മകനടപടികൾ ഏകോപിപ്പിക്കുന്നതിന് ഒരു മന്ത്രിതല മേൽനോട്ട സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര സമിതിയും രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. എല്ലാ മാസവും യോഗം ചേർന്ന് അവലോകനം നടത്തുകയും ഭരണഭാഷ മലയാളമാക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായി അനവരതം യത്നിക്കുകയും ചെയ്യുന്ന സംവിധാനങ്ങളായി ഇവ മാറണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. മലയാളം ഭരണഭാഷയാക്കുക എന്ന ദൗത്യം ഏറ്റെടുത്ത് നടത്തിവരുന്ന ഔദ്യോഗികഭാഷാ വകുപ്പിന്റെ ഉദ്യോഗസ്ഥഘടന സമിതി പരിശോധിക്കുകയുണ്ടായി. അണ്ടർ സെക്രട്ടറി തലത്തിലുള്ള ഭാഷാ വിദഗ്ദ്ധൻ, പരിഭാഷകളുടെ ചുമതല നിർവ്വഹിക്കുന്നതിന് നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെടെ ഓഫീസർ തലത്തിലുള്ളവരുടെ എണ്ണം അഞ്ചാണ്. സെക്രട്ടറി തലത്തിനു താഴെ പൊതുഭരണവകുപ്പിൽ നിന്ന് വകുപ്പിലുള്ള ഒരേയൊരു ഓഫീസർ സെക്ഷനോഫീസറാണ്. വകുപ്പിൽ പരിഭാഷകൻ എന്ന തസ്തികയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസർ മുതൽ താഴെയുള്ള ഉദ്യോഗസ്ഥർക്ക് പരിഭാഷയിൽ പ്രവൃത്തി പരിചയം തീരെയില്ല എന്നത് തികഞ്ഞ വിരോധാഭാസമായി സമിതി കാണുന്നു. പരിഭാഷയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും ഒരു പരിശോധനാ വിഭാഗം വകുപ്പിൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുക, ചില ജീവനക്കാരെ വർഷങ്ങളായി ഒരേ ഇരിപ്പിടങ്ങളിൽ തുടരുവാൻ അനുവദിക്കുക തുടങ്ങി ഒട്ടും ആശാസ്യകരമല്ലാത്ത പ്രവർത്തന വൈകല്യങ്ങൾ വകുപ്പിന്റെ പ്രവർത്തനത്തിൽ സമിതിക്ക് നിരീക്ഷിക്കാൻ കഴിഞ്ഞു. ജീവനക്കാരുടെ സൗകര്യാർത്ഥം വിവിധ കാരണങ്ങളാൽ കൃത്യനിർവ്വഹണത്തിൽ വിമുഖത കാട്ടുന്നവരുടെ ഒരു വിശ്രമസങ്കേതമായി വകുപ്പിനെ മാറ്റിയിരിക്കുന്നുവെന്ന ഖേദകരമായ വസ്തുത ചൂണ്ടിക്കാണിക്കാതിരിക്കാൻ സമിതിക്ക് കഴിയുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വന്നേ മതിയാകൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു. സെക്രട്ടേറിയറ്റ് ജീവനക്കാരിൽ തന്നെ സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും ഭാഷാ സംബന്ധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുവാൻ പ്രാപ്തരായവരും തല്പരരുമായ ജീവനക്കാരുടെ സേവനം ഔദ്യോഗിക ഭാഷാ വകുപ്പ് പ്രയോജനപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. നിലവിൽ 72 സർക്കാർ വകുപ്പുകളിലും 44 പൊതുമേഖലാ സ്ഥാപനങ്ങളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും വകുപ്പുതലത്തിലുമുള്ള ഔദ്യോഗികഭാഷാ സമിതികളുടെ ഏകോപനം നിർവ്വഹിക്കേണ്ടതും ഈ വകുപ്പാണ്. ഇത്തരം ഭാരിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിൽ ഭാഷാമാറ്റ പുരോഗതിക്ക് നേതൃത്വം നൽകുന്നതിനും ഈ വകുപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം ഒരു വിധത്തിലും സജ്ജമല്ല എന്ന് തന്നെയാണ് സമിതിയുടെ കണ്ടെത്തൽ. ഔദ്യോഗികഭാഷാ

മാറ്റത്തിന് ചാലകശക്തിയായി പ്രവർത്തിക്കേണ്ട ഈ വകുപ്പ് പുനഃസംഘടിപ്പിക്കുകയും ഉദ്യോഗസ്ഥഘടനയിൽ കാതലായ മാറ്റം കൊണ്ടു വരണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനം ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും അടിയന്തിരമായി സംഘടനാ പദ്ധതി പ്രവൃത്തി പഠനം (ഒ ആന്റ് എം വർക്ക് സ്റ്റഡി) നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. പൊതുഭരണ വകുപ്പിലെ ജോയിന്റ്/അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടം വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഉദ്യോഗസ്ഥരുടെ മേൽനോട്ടം വകുപ്പിന് ശരിയായ ദിശാബോധം നൽകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ വകുപ്പിൽ അടിയന്തിരമായി പൊതുഭരണ വകുപ്പിലെ ജോയിന്റ്/അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരേയും അണ്ടർ സെക്രട്ടറി തലത്തിലുള്ള രണ്ട് ഉദ്യോഗസ്ഥരേയും വിന്യസിച്ച് ഭാഷാമാറ്റ പ്രവർത്തനങ്ങളുടെ മേൽനോട്ടം ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ഔദ്യോഗികഭാഷാ വകുപ്പ് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളായ ഭാഷാ പദാവലി തയ്യാറാക്കുക, മലയാളം സോഫ്റ്റ്‌വെയറുകൾ നൽകുക, നിയമപദകോശം രചിക്കുക, നിയമങ്ങളുടെ പരിഭാഷ നടത്തുക എന്നീ നടപടികൾ ഭാഷാമാറ്റ പുരോഗതിയെ സഹായിക്കുന്ന ചെറിയ ഘടകങ്ങൾ മാത്രമാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ വകുപ്പ് ഇത്തരം ജോലികളിൽ കുടുങ്ങിക്കിടക്കുന്നതുമൂലം ഭാഷാമാറ്റ പ്രവർത്തനങ്ങളുടെ ഏകോപനം ശരിയായ വിധത്തിൽ നടത്താൻ കഴിയുന്നില്ല എന്ന ദുഃഖകരമായ അവസ്ഥ സമിതി ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു. വകുപ്പിന്റെ ചുമതലകൾ അനുഭവത്തിന്റെ വെളിച്ചത്തിൽ പുനർനിർണ്ണയം ചെയ്യണമെന്നും വകുപ്പിന്റെ പ്രവർത്തനമേഖലയിൽ പരിശീലനവും സാങ്കേതിക സഹായവും നൽകുക എന്നതു കൂടി കൂട്ടിച്ചേർത്ത് വിപുലീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. മലയാളം ഭരണഭാഷയാക്കുക എന്ന ദൗത്യം, നിലവിലുള്ളതുപോലെ അതിനായി നിയോഗിക്കപ്പെട്ട ഒരു വകുപ്പിന്റെ ചുമതലയായി മാത്രം കാണുന്നതു ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരുണത്തിലാണ് വകുപ്പുതല സമിതികളുടെ പ്രസക്തി വർദ്ധിക്കുന്നത്. വകുപ്പുമേധാവികൾ ഔദ്യോഗികഭാഷാ അവലോകനയോഗങ്ങൾ കൃത്യമായി ചേരുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാതല സമിതിക്ക് സമാനമായി വകുപ്പുതല സമിതികൾ രൂപീകരിക്കണമെന്നും അവ മൂന്നുമാസത്തിലൊരിക്കൽ ഔദ്യോഗികഭാഷാ വകുപ്പിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതിയിലെ അംഗങ്ങൾ കൂടി വകുപ്പുതല സമിതി യോഗങ്ങളിൽ പങ്കെടുക്കാൻ നിർദ്ദേശിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

16. താലൂക്കുതല/ജില്ലാതലയോഗങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ പോരായ്മ ഉള്ളതായി സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൃത്യാന്തര ബാഹുല്യത്താൽ പല കളക്ടർമാർക്കും ഔദ്യോഗികഭാഷാ അവലോകന യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാറില്ല. അതുപോലെ താലൂക്കുതല സമിതി യോഗങ്ങളിൽ പങ്കെടുക്കാൻ തഹസിൽദാർമാർക്കും സമയദൗർലഭ്യംമൂലം കഴിയാറില്ല. ആയതിനാൽ കളക്ടറുടെ പ്രതിനിധിയായി താലൂക്കുതല യോഗങ്ങളിൽ തഹസിൽദാർമാരുടെ മുകളിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നും താലൂക്കുതല യോഗങ്ങൾ കൃത്യമായി ചേരണമെന്നും ജില്ലാതല യോഗങ്ങളിൽ കളക്ടർമാർ നിർബന്ധമായും പങ്കെടുക്കണമെന്നും യോഗങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. താലൂക്ക്/ജില്ലാതല സമിതികളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നത് ഔദ്യോഗികഭാഷാ പ്രവർത്തനത്തിന് സഹായകരമാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഓരോ ജില്ലകളിലേയും ജില്ലാ പഞ്ചായത്തിൽ നിന്നും രണ്ടോ മൂന്നോ ജനപ്രതിനിധികളെ കൂടി അനൗദ്യോഗികാംഗങ്ങളായി ജില്ലാതല ഔദ്യോഗികഭാഷാ സമിതികളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ഔദ്യോഗിക തലത്തിൽ ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ വളർത്തിയെടുക്കുവാൻ പത്രപ്രവർത്തകർ, ജനപ്രതിനിധികൾ, ഭാഷാവിദഗ്ദ്ധർ, വകുപ്പുദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള ഭരണഭാഷ ശില്പശാലകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിനായി അതത് ഭരണവകുപ്പുകൾ ബഡ്ജറ്റ് ശീർഷകത്തിൽ ഇരുപത്തി അയ്യായിരം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. കമ്പ്യൂട്ടറിന്റെ ആവിർഭാവത്തോടുകൂടി മലയാളത്തിന് ഒരു ഏകീകൃതലിപിവിന്യാസം നിലവിലില്ല എന്നത് വലിയ പോരായ്മയായി സാംസ്കാരിക പ്രവർത്തകരും ഉദ്യോഗസ്ഥരും ചൂണ്ടിക്കാട്ടിയത് സമിതിയുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിക്കുകയുണ്ടായി. കമ്പ്യൂട്ടർ ലഭ്യമാക്കുമ്പോൾ മലയാളം സോഫ്റ്റ്‌വെയർ ഒപ്പം നൽകാറുണ്ടെങ്കിലും സോഫ്റ്റ്‌വെയറുകളിൽ ഒരു ഏകീകൃത ലിപി വിന്യാസം കൊണ്ടുവരേണ്ടത് ഭാഷയുടെ പൊതുവായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. വിദ്യാർത്ഥികൾക്കും പുതുതായി ഭാഷ പഠിക്കുന്നയാളുകൾക്കും ഇത് സംബന്ധിച്ച് നിലവിലുള്ള സംശയങ്ങൾ ദൂരീകരിക്കാൻ ഈ നടപടികൊണ്ട് സാധിക്കുമെന്ന് സമിതി വിശ്വസിക്കുന്നു. ഏകീകൃതലിപി വിന്യാസ വ്യവസ്ഥയിലുള്ള മലയാളം സോഫ്റ്റ്‌വെയർ സംസ്ഥാനവ്യാപകമായി എല്ലാ ഓഫീസുകളിലും ലഭ്യമാക്കി ഉപയോഗിക്കുന്നതിനും നിലവിലുള്ള വിവിധ ലിപികൾക്ക് പകരം ഒറ്റ മലയാളം ലിപിയായി ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. എഴുത്തുഭാഷ, സംസാരഭാഷ, അച്ചടിഭാഷ എന്നിങ്ങനെ വ്യത്യസ്തമായ രീതികളിൽ ഭാഷ ഉപയോഗിക്കുന്നത് പുതുതലമുറയോട് ചെയ്യുന്ന അപരാധമാണെന്നും ഭാഷയ്ക്കും ലിപിയ്ക്കും ഒരു ഐകരൂപ്യം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഭാഷയ്ക്കും ലിപിയ്ക്കും ഒരു ഐകരൂപ്യം ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. മലയാളഭാഷ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറിന് സൗകര്യപ്രദമായ രീതിയിൽ ലിപികളെ വിഘടിപ്പിച്ച് ഭാഷയെ വികലമാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. മലയാളഭാഷ ഇപ്രകാരം ഇന്ന് ഗുരുതരമായ അപചയങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഭാഷയുടെ ശുദ്ധിയും ശക്തിയും പ്രസാദവും സൗന്ദര്യവും ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആയതിനാൽ ലിപി വികലമാക്കാത്തവിധത്തിൽ മലയാളം സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. യൂണികോഡ് എന്ന കമ്പ്യൂട്ടർ ലിപി നിലവിലുണ്ടെങ്കിലും അതിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഐ.ടി. മിഷനുമായി സഹകരിച്ച് അക്ഷയസെന്ററുകൾവഴി ജില്ലാതലത്തിലും താലൂക്കുതലത്തിലും മലയാളം സോഫ്റ്റ്‌വെയറിലുള്ള പരിശീലനം അടിയന്തിരമായി ജീവനക്കാർക്ക് നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ അഭാവം ഭാഷാമാറ്റത്തിന് ഒരു മുഖ്യപ്രതിബന്ധമാണെന്നും കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യാനുള്ള പരിശീലനം പല വകുപ്പുകളിലെയും ജീവനക്കാർക്ക് നൽകിയിട്ടില്ലെന്നും ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് പരിശീലിച്ചതിനാൽ മലയാളത്തിൽ ടൈപ്പ് ചെയ്യാനുള്ള ബുദ്ധിമുട്ട് നേരിടുന്നുവെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കമ്പ്യൂട്ടർ പരിശീലനത്തിന് മുന്തിയ പരിഗണന നൽകുമ്പോൾ മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള പരിശീലനം അവഗണിക്കപ്പെടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പരിശീലനം എന്നതുകൊണ്ട് സമിതി അർത്ഥമാക്കുന്നത് തീവ്രവും നിരന്തരവുമായ പരിശീലനമാണ്. നിലവിലുള്ള രീതിയിൽ നിന്നും പൂർണ്ണമായും വ്യതിചലിച്ചുകൊണ്ട് പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകണമെന്നും സെക്രട്ടേറിയറ്റിലെ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്ന എല്ലാ ജീവനക്കാർക്കും-കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ഉൾപ്പെടെ-തീവ്രപരിശീലനം നൽകാൻ ഉതകുംവിധത്തിൽ ഔദ്യോഗികഭാഷാ വകുപ്പിന്റെകീഴിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ കേന്ദ്രത്തിലൂടെ ഇംഗ്ലീഷ് ടൈപ്പിസ്റ്റ്/മലയാളം ടൈപ്പിസ്റ്റ് എന്ന വിവേചനത്തിന് അതീതമായി എല്ലാവർക്കും മലയാളം ടൈപ്പ് ചെയ്യുന്നതിനുള്ള തീവ്രപരിശീലനം 6 മാസത്തിനുള്ളിൽ നൽകണമെന്ന് നിഷ്ക്കർഷിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. കമ്പ്യൂട്ടർ പരിശീലനത്തിനായി ഐ.എൽ.ഡി.എം. എന്ന സ്ഥാപനത്തെ മാത്രം ആശ്രയിക്കാതെ മറ്റ് സ്ഥാപനങ്ങളുടെ സഹായംകൂടി തേടിയാൽ മാത്രമേ മലയാളം ടൈപ്പിംഗിൽ കൂടുതൽ പരിശീലനം നടത്താൻ കഴിയുകയുള്ളൂവെന്നും ആയതിന് ഐ.ടി. മിഷനുമായി ഒരു ധാരണയിലെത്തിയാൽ ഇക്കാര്യത്തിൽ പുരോഗതി ഉണ്ടാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടുതൽ ജീവനക്കാർക്ക് മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകണമെന്നും മലയാളം ടൈപ്പിംഗിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുമ്പോൾ അവരുടെ ടൈപ്പിംഗിൽ ഉള്ള അഭിരുചി നിർണ്ണയിക്കാൻ ഒരു പരീക്ഷകൂടി നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

25. അതുപോലെ സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകുന്ന എല്ലാ പരിശീലന പരിപാടികളിലും മലയാളം ഔദ്യോഗിക ഭാഷ എന്ന നിലയിൽ ഒരു പാഠ്യ വിഷയമായി ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. ചട്ടങ്ങൾ, കോഡുകൾ, മാനുവലുകൾ എന്നിവ പരിഭാഷപ്പെടുത്തുന്നതിന് വകുപ്പുകൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഔദ്യോഗിക ഭാഷാവകുപ്പ് തന്നെയാണ് ഇപ്പോൾ അത് നിർവ്വഹിച്ചുവരുന്നതെന്ന് സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചു. പരിഭാഷാനടപടികൾ ത്വരിതപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിയമവകുപ്പിൽ നിന്നും വിരമിച്ച പരിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്നും അതിനായി അവരെക്കൂടി പരിഭാഷാവിദഗ്ദ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. വകുപ്പുകളിലെ കോഡുകളും മാനുവലുകളും ഫാറങ്ങളും മറ്റും പരിഭാഷപ്പെടുത്തുന്നതിനായി നിയോഗിക്കപ്പെടുന്ന പരിഭാഷകരുടെ പ്രതിഫല തുക വളരെ തുച്ഛമായതിനാൽ പരിഭാഷാപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ വിദഗ്ദ്ധർ വിമുഖത കാട്ടുകയും അപ്രകാരം പരിഭാഷാജോലികൾ മന്ദീഭവിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പരിഭാഷകരുടെ പ്രതിഫലം വർദ്ധിപ്പിക്കണമെന്നും കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവിക്കുതന്നെ വൈദഗ്ദ്ധ്യമുള്ള പരിഭാഷകരെ നിയമിക്കാനുള്ള അധികാരം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. മലയാളം കൈകാര്യം ചെയ്യുന്നതിൽ അധികാരികളും മറ്റു സർക്കാർ ജീവനക്കാരും ഉദ്ദേശശുദ്ധിയോടുകൂടി പ്രവർത്തിച്ചാൽ സമ്പൂർണ്ണ ഭരണ ഭാഷയായി മലയാളം ഉപയോഗിക്കാനുള്ള നമ്മുടെ തീവ്രപരിപാടി ലക്ഷ്യം കാണുമെന്നതിൽ സംശയമില്ല. ഭാഷാമാറ്റം നടപ്പിലാക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വയംമാറ്റത്തിന് വിധേയരാകണമെന്നും ആംഗലേയ ഭാഷയിൽ മാത്രമേ ഭരണകാര്യങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂവെന്ന മിഥ്യാബോധവും ഉദ്യോഗസ്ഥരുടെ മനോഭാവവും മാറേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യാതിരിക്കുന്നത് സേവന ചട്ടങ്ങളുടെ ലംഘനമായി കണ്ട് അച്ചടക്ക നടപടി സ്വീകരിക്കുവാൻ ഉതകുന്ന വിധത്തിലുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി കേരള സേവന ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം എത്രയുംവേഗം പ്രാവർത്തികമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. പല വില്ലേജ് ഓഫീസുകളിലും സാക്ഷ്യപത്രങ്ങൾ മലയാളത്തിൽ നൽകുന്നുണ്ടെങ്കിലും ചില ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നുണ്ടെന്ന് റവന്യൂ വകുപ്പിന്റെ തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന സാക്ഷ്യപത്രങ്ങളിൽ ദ്വിഭാഷാ സമ്പ്രദായം സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന സാക്ഷ്യപത്രങ്ങളിൽ ദ്വിഭാഷാ സമ്പ്രദായം ഏർപ്പെടുത്തണമെന്ന സമിതിയുടെ മുൻ ശുപാർശ അടിയന്തിരമായി നടപ്പിൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽനിന്നു കൊടുക്കുന്ന ഡിമാന്റ് നോട്ടീസ്, കുടിശ്ശിക പിരിവ് നോട്ടീസ് എന്നിവ തർജ്ജമ ചെയ്ത് മലയാളത്തിലാക്കിയിട്ടുണ്ടെങ്കിലും അവയ്ക്ക് ഐകരൂപ്യം വന്നിട്ടില്ലെന്നുള്ള വസ്തുത തെളിവെടുപ്പുവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ റവന്യൂ വകുപ്പിൽ നിന്നും നല്കുന്ന ഡിമാന്റ് നോട്ടീസ്, കുടിശ്ശിക പിരിവ് നോട്ടീസ് എന്നിവയ്ക്ക് ഐകരൂപ്യം ഉണ്ടാവണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. മാവേലി സ്റ്റോറുകളിൽനിന്ന് കൊടുക്കുന്ന ബില്ലുകൾ മലയാളത്തിൽ അല്ലാത്തതിനാൽ ജനങ്ങൾക്ക് വില വിവരങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നും ആയതിനാൽ പ്രസ്തുത ബില്ലുകൾ മലയാളത്തിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. മലയാളത്തിന്റെ മഹിമയും ഗരിമയും അറിയാൻ കഴിയാത്തൊരു തലമുറയാണ് ഇന്ന് വളർന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൂടുതൽ പാർശ്വവത്ക്കരിക്കപ്പെടുന്നതും അവഗണിക്കപ്പെടുന്നതും മാതൃഭാഷയാണെന്നുള്ളത് ഏറെ ദുഃഖകരമായ കാര്യമാണ്. ആയതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമാണ് മലയാളഭാഷയോട് താല്പര്യം ജനിപ്പിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങേണ്ടത്. ആംഗലേയ മാധ്യമത്തിൽ പഠിച്ച ഒരു വിദ്യാർത്ഥിക്കുമാത്രമേ ആകർഷകമായ തൊഴിലവസരങ്ങൾ ലഭിക്കൂ എന്ന അബദ്ധധാരണ വച്ചുപുലർത്തുന്ന ഒരു സമൂഹമാണ് ഇന്ന് നിലനിൽക്കുന്നത്. എൽ.കെ.ജി. മുതൽ പ്ലസ് ടു തലംവരെ ഒരൊറ്റ മലയാളം പുസ്തകംപോലും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താത്ത സ്ക്കൂളുകളും നമ്മുടെ നാട്ടിലുണ്ട്. ഇപ്രകാരമുള്ള പഠനപ്രക്രിയയിൽകൂടി നമ്മുടെ ഇളം തലമുറയ്ക്ക് മാതൃഭാഷയുടെ മഹത്വം മനസ്സിലാക്കാൻ ഭാവിയിൽ നന്നേ ബുദ്ധിമുട്ടനുഭവപ്പെടും. ആയതിനാൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യ പദ്ധതിയിൽ പ്രാദേശികഭാഷ പഠനം നടത്താത്ത സ്കൂളുകൾക്ക് മേലിൽ എതിർപ്പില്ലാ സാക്ഷ്യപത്രം നൽകരുതെന്നും ഭാവിയിൽ ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുമ്പോൾ മലയാളം നിർബന്ധമായി പഠിപ്പിച്ചിരിക്കണം എന്ന മാനദണ്ഡം ഏർപ്പെടുത്തി അവർക്ക് അംഗീകാരം നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. വിദ്യാലയങ്ങളിൽ കുട്ടികൾക്ക് മാതൃഭാഷയോടുള്ള ആഭിമുഖ്യവും ഭാഷാ അവബോധവും സൃഷ്ടിക്കുന്നതിനും അതോടൊപ്പം മാതൃഭാഷയിലൂടെ അവരുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും ഉള്ള ഒരു വേദി വിദ്യാലയങ്ങളിൽ ഉണ്ടാകേണ്ടതാണെന്ന് സമിതി വിശ്വസിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ "മാതൃഭാഷാ ക്ലബ്ബുകൾ" രൂപീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. സാങ്കേതിക വിദ്യാഭ്യാസത്തിന് ഏറെ ഊന്നൽ നൽകുന്ന ഇന്നത്തെ യുവതലമുറയിൽ വിരലിൽ എണ്ണാവുന്നവർ മാത്രമേ മാതൃഭാഷയോട് ആഭിമുഖ്യം പുലർത്തുന്നുള്ളു. എന്നാൽ ആ ന്യൂനപക്ഷത്തിനുപോലും ഭാഷയിൽ ഉന്നത പഠനം നടത്തുന്നതിന് നമ്മൾ അവസരം ഒരുക്കുന്നില്ല എന്നത് ഏറെ ദുഃഖകരമായ വസ്തുതയാണ്. സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽപോലും മലയാളം

ഐച്ഛിക വിഷയമായെടുത്ത് പഠിക്കാനുള്ള അവസരം കുറവാണെന്നുള്ള വസ്തുത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരളത്തിലുള്ള എല്ലാ സർക്കാർ കോളേജുകളിലും മലയാളം ഐച്ഛികവിഷയമായി ബിരുദ/ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. കോടതി ഭാഷ പൂർണ്ണമായി മലയാളമാക്കുന്നതിന് പല കടമ്പകൾ കടക്കേണ്ടതായിട്ടുണ്ടെന്നും അതിനായി കൂടുതൽ പഠനങ്ങളും ചർച്ചകളും ആവശ്യമാണെന്നും സമിതി കരുതുന്നു. എന്നിരുന്നാലും ആദ്യഘട്ടം എന്ന നിലയ്ക്ക് സാധാരണജനങ്ങൾ കൂടുതൽ വ്യവഹരിക്കുന്ന മേഖലയായ ഉപഭോക്തൃ തർക്ക പരിഹാര ഫോറം, കുടുംബകോടതികൾ എന്നിവിടങ്ങളിൽ മലയാളഭാഷ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. വിദേശനാണ്യം നേടിത്തരുന്നതിൽ വിനോദസഞ്ചാരമേഖല ഗണ്യമായ പങ്ക് വഹിക്കുന്നു. വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ സൂചകങ്ങൾ, ശിലാഫലകങ്ങൾ എന്നിവ ആംഗലേയഭാഷയിലും മലയാളത്തിലും എഴുതണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

37. വ്യാപാര സ്ഥാപനങ്ങളുടേയും വ്യവസായ സ്ഥാപനങ്ങളുടേയും കൈചൂണ്ടി പലകകളിൽ മലയാളത്തിൽ നിർബന്ധമായും എഴുതിയിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. വിനോദസഞ്ചാര വകുപ്പിൽ എല്ലാ ഫയലുകളും പൂർണ്ണമായും മലയാളത്തിലാക്കാൻ സാധിക്കുകയില്ലെങ്കിലും വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും മലയാളത്തിൽ ആയിരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. കെ.റ്റി.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന 'ടാമറിൻഡ്' എന്ന ഹോട്ടൽ ശൃംഖലയിൽ പുതുതായി നിർമ്മിക്കുന്ന ഹോട്ടലുകൾക്ക് മലയാളത്തനിമയുള്ള പേരുകൾ നൽകണമെന്നും അതത് സ്ഥലത്തെ പ്രാദേശികമായ പ്രത്യേകതകൂടി കണക്കിലെടുത്തുകൊണ്ടുവേണം ഇപ്രകാരം ചെയ്യേണ്ടതെന്നും സമിതി നിർദ്ദേശിക്കുന്നു.

40. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂർ ആന്റ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്തിയിട്ടില്ലെന്നതും വിനോദസഞ്ചാരത്തെക്കുറിച്ച് പഠിപ്പിക്കുന്ന കേരള സർക്കാരിന്റെ സ്ഥാപനമായ കിറ്റ്സിൽപോലും മലയാളം പഠിപ്പിക്കാത്തത് ഖേദകരമായ ഒരു വസ്തുതയാണെന്ന് സമിതി വിലയിരുത്തി. മലയാളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചും സമ്പന്നമായ സാഹിത്യത്തെക്കുറിച്ചും വ്യക്തമായ ഒരു കാഴ്ചപ്പാട് വിദ്യാർത്ഥികൾക്ക് ഉണ്ടാകണമെന്നും കേരളത്തിന്റെ തനിമയും മഹിമയും പ്രകൃതിരമണീയതയും വിദേശികൾക്ക് പകർന്നുകൊടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാൻ ഉതകുംവിധം പാഠ്യപദ്ധതി പരിഷ്ക്കരിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മലയാളത്തിന്റെ സാഹിത്യം, സംസ്കാരം, മലയാളത്തനിമയുള്ള കവിതകൾ, ചിത്രകലകൾ, നാടൻ കലാരൂപങ്ങൾ എന്നിവ കിറ്റ്സിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. ഭാഷാമാറ്റ പ്രക്രിയയിൽ ഔദ്യോഗികഭാഷാ വകുപ്പാണ് മുഖ്യ കർമ്മ കേന്ദ്രമെങ്കിലും അതാത് വകുപ്പുകൾക്ക് ഇതു സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടും കാര്യനിർവ്വഹണശേഷിയും ഉണ്ടാകേണ്ടതുണ്ടെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുക എന്നതിലുപരിയായി ഭരണഭാഷാമാറ്റം എന്ന ബൃഹത് സംരംഭം പ്രവർത്തിപഥത്തിൽ എത്തിക്കാൻ അതാത് വകുപ്പുകളുടെ കൃത്യമായ പ്രവർത്തനം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂവെന്നും സമിതി വിലയിരുത്തുന്നു.

42. ഭാഷയുടെ അന്തസ്സും സ്വാധീനവും വീണ്ടെടുക്കുകയെന്നത് ഒരു ജനതയുടെ സ്വാതന്ത്ര്യബോധത്തിന്റെ ഭാഗമാണ്. കേരളത്തെ ഒരു സമൂഹമായി നിലനിർത്തുന്നതിന്റെ ആധാരം മലയാളഭാഷയാണ്. മലയാളത്തെ ഏക ഔദ്യോഗികഭാഷയാക്കിക്കൊണ്ട് ഇംഗ്ലീഷ്, ഹിന്ദി, ന്യൂനപക്ഷഭാഷകൾ എന്നിവ ഉപയോഗിക്കേണ്ട സന്ദർഭങ്ങൾ നിജപ്പെടുത്തിക്കൊണ്ടും ഒരു നിയമം അടിയന്തിരമായി പാസ്സാക്കിയാൽ മാത്രമേ ഭരണഭാഷ മലയാളമാക്കുന്ന പ്രക്രിയ ശക്തിപ്പെടുത്താനും, ത്വരിതപ്പെടുത്താനും കഴിയുകയുള്ളൂവെന്ന് സമിതിക്ക് ബോദ്ധ്യമുണ്ട്.

43. മലയാളഭാഷയെ ഒന്നാംഭാഷയായി പ്രഖ്യാപിക്കുകയും അതിന് ശ്രേഷ്ഠ ഭാഷാപദവി വേണമെന്ന ആവശ്യം ഉയർന്നുവരികയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അതീവ ഗൗരവത്തോടുകൂടിയാണ് ഇതു സംബന്ധിച്ച പ്രവർത്തനങ്ങളെ സമിതി വീക്ഷിക്കുന്നതും വിലയിരുത്തുന്നതും. ഔദ്യോഗികഭാഷ സംബന്ധിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതല സമിതി നേതൃത്വം നൽകികൊണ്ട് ഭാഷാമാറ്റ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്ന രീതിയിലാവണം ഈ പ്രവർത്തനങ്ങൾ എന്നും ആയതിന് സമഗ്രവും ദീർഘദർശനത്തോടുകൂടിയതുമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിവിധ മേഖലകളിൽ നിന്നും സ്വരൂപിച്ച് പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിന് എല്ലാവരും ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുമെന്നും സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം, **പാലോട് രവി,**

2012 മാർച്ച് 20. *അദ്ധ്യക്ഷൻ,*

*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*